"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-മാതമംഗലം ശ്രീ മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിൽ സംഘടിപ്പിക്കുന്ന പെരുങ്കളിയാട്ട മഹോത്സവം(2025 ജനുവരി 25-28) - സ്പോൺസർഷിപ്പ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.53/2025/TSM തീയതി,തിരുവനന്തപുരം, 01-02-2025

പരാമർശം:- 1. പെരുങ്കളിയാട്ട മഹോത്സവം പ്രോഗ്രാം കമ്മിറ്റി ഭാരവാഹികൾ സമർപ്പിച്ച അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 24.01.2025 തിയതിയിലെ DOT/148//2025-M1 നം കത്ത്.

**ഉത്തരവ്**

ഉത്തര കേരളത്തിലെ പ്രശസ്തവും പ്രൗഢവുമായ മാതമംഗലം ശ്രീ മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിൽ 19 വർഷങ്ങൾക്ക് ശേഷം നടത്തുന്ന പെരുങ്കളിയാട്ട മഹോത്സവത്തിന് സ്പോൺസർഷിപ്പ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പെരുങ്കളിയാട്ട മഹോത്സവം പ്രോഗ്രാം കമ്മിറ്റി ഭാരവാഹികൾ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ മാതമംഗലം ശ്രീ മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിൽ, 19 വർഷങ്ങൾക്ക് ശേഷം 2025 ജനുവരി 25-28 തീയതികളിൽ സംഘടിപ്പിച്ച പെരുങ്കളിയാട്ട മഹോത്സവത്തിന് സ്പോൺസർഷിപ്പ് ഇനത്തിൽ 3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും ₹25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം പെരുങ്കളിയാട്ട മഹോത്സവം പ്രോഗ്രാം കമ്മിറ്റി ഭാരവാഹികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത

വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
കൺവീനർ, പ്രോഗ്രാം കമ്മിറ്റി, പെരുങ്കളിയാട്ട മഹോത്സവ◌ം(വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് ll ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 01-02-2025 14:15:10

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്